Draft #2 of File 20729/PD 2/2/2019/PD 2 Approved by ASSISTANT REGISTRAR XI EXAM on 20-Jun-2019 01:02 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM
विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

തയ്യാറാക്കപ്പെട്ട ബിരുദ സർട്ടിഫിക്കറ്റുകൾ, ബിരുദ സർട്ടിഫിക്കറ്റിന്റെ ടെംപ്ളേറ്റിലെ പിഴവുമൂലം റദ്ദ് ചെയ്യേണ്ട സാഹചര്യം സംബന്ധിച്ച് - അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ജെ .ആർ I (ഭ.വി)യെ ചുമതലപ്പെടുത്തിക്കൊണ്ട് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പരീക്ഷാ വിഭാഗം എ 2 സെക്ഷൻ**

നമ്പർ. 2801/EA 2/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 21.06.2019

---

പരാമർശം:-1 .12.06 .2019 തീയതിയിലെ എ ആർ I (പരീക്ഷ) -യുടെ കുറിപ്പ്.
2 .17 .06 .2019 തീയതിയിലെ ബഹു: വൈസ് ചാൻസലറുടെ ഉത്തരവ് .

**ഉത്തരവ്**

2009 അഡ്മിഷൻ മുതൽ 2012 അഡ്മിഷൻ വരെയുള്ള ബിരുദ കോഴ്സുകളുടെ സർട്ടിഫിക്കറ്റിൽ CUMULATIVE GRADE POINT AVERAGE (CGPA) എന്നും, 2013 അഡ്മിഷൻ മുതലുള്ള ബിരുദ കോഴ്സുകളുടെ സർട്ടിഫിക്കറ്റിൽ CUMULATIVE CREDIT POINT AVERAGE (CCPA) എന്നുമാണ് മുദ്രണം ചെയ്യേണ്ടത്. എന്നാൽ 30.05.2019 മുതൽ പ്രിന്റ് ചെയ്ത 2013 അഡ്മിഷൻ മുതലുള്ള ബിരുദ കോഴ്സുകളുടെ 427 സർട്ടിഫിക്കറ്റുകളിൽ , CCPA എന്നതിനുപകരം CGPA എന്നു തെറ്റായാണ് മുദ്രണം ചെയ്യപ്പെട്ടിരിക്കുന്നത് എന്ന് പരാമർശം (1) പ്രകാരം എ ആർ I (പരീക്ഷ) അറിയിച്ചിരിക്കുന്നു .ഈ സർട്ടിഫിക്കറ്റുകളിൽ 24 എണ്ണം വൈസ് ചാൻസലർ അംഗീകരിച്ചതും ഒരെണ്ണം അപേക്ഷകന് നല്കികഴിഞ്ഞതുമാണ്. ബിരുദ സർട്ടിഫിക്കറ്റിന്റെ ടെംപ്ലേറ്റിലെ പിഴവ് മൂലം ഗുരുതരമായ വീഴ്ചയാണ് സംഭവിച്ചിരിക്കുന്നത് എന്നതിനാൽ പരീക്ഷ വിഭാഗം ജോയിന്റ് രജിസ്ട്രാർ I, സിസ്റ്റം അഡ്മിനിസ്ട്രേറ്ററിൽ നിന്ന് വിശദീകരണം ആവശ്യപ്പെടേണ്ടതാണെന്ന് ശിപാർശ ചെയ്യുകയുണ്ടായി.

പ്രസ്തുത വിഷയം പരിഗണിച്ച ബഹു: വൈസ് ചാൻസലർ , ഒരു വിദ്യാർത്ഥിക്ക് അയച്ചുകൊടുത്ത ബിരുദ സർട്ടിഫിക്കറ്റ് തിരികെ വാങ്ങി റദ്ദ് ചെയ്യുന്നതിനും, തയ്യാറാക്കപ്പെട്ട ബാക്കി 426 ബിരുദ സർട്ടിഫിക്കറ്റുകൾ റദ്ദ് ചെയ്യുന്നതിനും, ടി വിഷയം ഒരു ഐ .റ്റി കൺസൾട്ടന്റ് -ന്റെ സഹായത്തോടെ അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ജോയിന്റ് രജിസ്ട്രാർ I (ഭരണ വിഭാഗം) നെ ചുമതലപ്പെടുത്തിക്കൊണ്ടും പരാമർശം (2) പ്രകാരം ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജോൺ .എ

അസിസ്റ്റന്റ് രജിസ്ട്രാർ 11 (പരീക്ഷ)
പരീക്ഷ കൺട്രോളർക്കു വേണ്ടി

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

പകർപ്പ്

1.വൈസ് ചാൻസലർ /പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ

2.രജിസ്ട്രാർ /ഫിനാൻസ് ഓഫീസർ/ പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ മാർ

3.ജെ.ആർ I / ഡി.ആർ IV / എ ആർ I /XI (പരീക്ഷ )/ ജെ ആർ I (ഭ വി)/ സിസ്റ്റം മാനേജർ

4.സി .ഇ സെക്ഷൻ / പി.ഡി II / VI / സീറ്റെക്സ്

5.ഐ.ക്യൂ.എ.സി./കണ്ടന്റ് മാനേജ്മെന്റ്

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 20729/PD 2/2/2019/PD 2 Approved by ASSISTANT REGISTRAR XI EXAM on 20-Jun-2019 01:02 PM - Page 2